**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 536

19.03.2013-ലെ മറുപടിയ്ക്ക്

## സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ

**ചോദ്യം**

ശ്രീമതി.പി.അയിഷാ പോറ്റി

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊല്ലം ജില്ലയിൽ എവിടെയെല്ലാം സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവയുടെ പ്രതിമാസ വിറ്റുവരവും വെളിപ്പെടുത്തുമോ;

**മറുപടി**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊല്ലം ജില്ലയിൽ ആരംഭിച്ച സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടേയും അവയുടെ ശരാശരി പ്രതിമാസ വിറ്റുവരവിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിക്കുന്ന സ്ഥലം | വിറ്റുവരവ് |
|---|---|---|
| 1 | ചവറ | 4,07,000/- രൂപ |
| 2 | ഇരവിപുരം | 4,31,000/- രൂപ |
| 3 | കരുനാഗപ്പള്ളി | 5,00,000/- രൂപ |
| 4 | പത്തനാപുരം | 7,10,000/- രൂപ |
| 5 | കൊല്ലം | 4,48,000/- രൂപ |
| 6 | ചാത്തന്നൂർ | 4,30,000/- രൂപ |

| | | | |
|---|---|---|---|
| (ബി) | കൊട്ടാരക്കരയിലേക്ക് അനുവദിച്ച സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ആയത് അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | കൊട്ടാരക്കര നിയോജക മണ്ഡലത്തിലേയ്ക്ക് അനുവദിച്ച സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ പ്രവർത്തന സജ്ജമായിട്ടുണ്ട്. ടി സ്റ്റോറിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ